I/78152/2023

"ഭരണഭാഷ-മാതൃഭാഷ"

No.DWCD/3232/2022-WEC2

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 27-01-2023
E-Mail:directorate.wcd@kerala.gov.in
Phone No.0471–2346534

<u>പരിപത്രം</u>

വിഷയം:- വനിത ശിശുവികസന വകുപ്പ്- വനിത ശിശുവികസന വകുപ്പ്- വനിതകള് ഗൃഹനാഥരായുള്ള കുടുംബങ്ങളിലെ കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം 2022-23- അപേക്ഷ സമർപ്പിക്കുന്ന കാലാവധി ദീർഘിപ്പിച്ച് നൽകുന്നത് -സംബന്ധിച്ച്:-

സൂചന:- 1. ഈ കാര്യാലയത്തിലെ 16.08.2022 ലെ DWCD/3232/2022-WEC-2 നം. പരിപത്രം

2. ഈ കാര്യാലയത്തിലെ 17.09.2022 ലെ DWCD/3232/2022-WEC-2 നം. പരിപത്രം

വകുപ്പില് നിന്നും വിദ്യാഭ്യാസ ധനസഹായം അനുവദിച്ചുവരുന്ന 'വനിതകൾ ഗൃഹനാഥരായുള്ള കുടുംബങ്ങളിലെ കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം' എന്ന പദ്ധതിയ്ക്കായി 2022-23 സാമ്പത്തിക വർഷത്തിലേയ്ക്ക് സൂചന (1) പ്രകാരം അപേക്ഷ ക്ഷണിച്ചുകൊണ്ട് സർക്കുലർ പുറപ്പെടുവിച്ചിരുന്നു. അപേക്ഷ സമർപ്പിക്കുന്നതിനുള്ള കാലപരിധി അവസാനിച്ച സാഹചര്യത്തിൽ പദ്ധതിയ്ക്കായി അപേക്ഷിക്കുന്നതിനുള്ള അവസാന തീയതി സൂചന(2) പ്രകാരം 2022 ഡിസംബർ 31 വരെ ദീർഘിപ്പിച്ച് നൽകിയിരുന്നു. എന്നാൽ അപേക്ഷ സമർപ്പിക്കുന്നതിനുള്ള കാലപരിധി അവസാനിച്ച സാഹചര്യത്തിലും മുൻ വർഷങ്ങളെ അപേക്ഷിച്ച് അപേക്ഷകരുടെ എണ്ണത്തിൽ കുറവ് വന്ന സാഹചര്യത്തിലും പദ്ധതിയിക്കായി അപേക്ഷിക്കുന്നതിനുള്ള അവസാന തീയതി 2023 ഫെബ്രുവരി 20 വരെ ദീർഘിപ്പിക്കുന്നു.

2022 ഡിസംബർ 31 വരെ ലഭിച്ച അപേക്ഷകളിൽ നിന്നും പദ്ധതി മാനദണ്ഡപ്രകാരം അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി ക്രോഡീകരിച്ച് അതത് ജില്ലാ ഓഫീസർമാർ അടിയന്തിരമായി അലോട്ട്മെന്റിനായി ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

ടി പദ്ധതി സംബന്ധിച്ച് പത്ര-ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിൽ കൂടിയും, അങ്കണവാടി പ്രവർത്തകർ മുഖേനെയും വ്യാപക പ്രചാരണം നൽകേണ്ടതാണ്. ICDS ഓഫീസുകളിൽ Pending/Active അപേക്ഷകളുണ്ടെങ്കിൽ പദ്ധതി മാനദണ്ഡപ്രകാരം അർഹതയുള്ള അപേക്ഷകൾ ജില്ലാ വനിതാ ശിശു വികസന ഓഫീസർക്ക് സമർപ്പിക്കേണ്ടതും അല്ലാത്തവ Reject ചെയ്ത് ടി വിവരം അപേക്ഷകരെ ബോദ്ധ്യപ്പെടുത്തേണ്ടതും, പുനസമർപ്പിക്കുവാൻ കഴിയുന്നവയാണെങ്കിൽ അടിയന്തിരമായി പുനസമർപ്പിക്കുവാൻ നിർദ്ദേശം നൽകേണ്ടതുമാണ്.

I/78152/2023

ശിശു വികസന പദ്ധതി ഓഫാസർമാർ/ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർ എന്നിവരുടെ അനാസ്ഥയാൽ ഏതെങ്കിലും ഗുണഭോക്താവിന് ധനസഹായം ലഭ്യമാകാതെ വന്നാൽ ആയത് ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫാസർ/ജില്ലാ വനിതാ ശിശു വികസന ഓഫീസർ എന്നിവരുടെ ബാധ്യതയായി കണക്കാക്കുന്നതാണ്.

എല്ലാ ജില്ലാ വനിത ശിശു വികസന ഓഫീസര്മാർക്കും

എല്ലാ പ്രോഗ്രാ ഓഫീസര്മാർക്കും.

എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും

വനിത ശിശു വികസന ഡയറക്ടര

പകർപ്പ്

1. സൂപ്രണ്ട്, ആഡിറ്റ് സെക്ഷൻ
2. ഫിനാന്സ് ഓഫീസർ
3. ഡയറക്ടറുടെ സി.എ
4. സ്റ്റോക്ക് ഫയല്

**Signed by Priyanka G**
**Date: 27-01-2023 23:38:22**